**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1581** **15-03-2022 - ൽ മറുപടിയ്ക്ക്**

**റബ്ബറിന്റെ താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ വിലയിടിവ് മൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയുടെ ഏഴാം ഘട്ടമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021 ഏപ്രിൽ 1 മുതൽ പ്രസ്തുത സ്കീം പ്രകാരമുള്ള റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽനിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 23/02/2022-വരെ റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ സബ്സിഡി തുകയും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബജറ്റിൽ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് അനുകൂലമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബജറ്റിൽ ഉണ്ടായിട്ടില്ല . |
| (ബി) | റബ്ബറിന്റെ താങ്ങുവില ഇരുന്നൂറ് രൂപയായി നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയുടെ ഏഴാം ഘട്ടമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021 ഏപ്രിൽ 1 മുതൽ പ്രസ്തുത സ്കീം പ്രകാരമുള്ള റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽനിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 23/02/2022-വരെ റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ സബ്സിഡി തുകയും |

| | | | |
|---|---|---|---|
| | | | കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബജറ്റിൽ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ഇത് സംബന്ധിച്ച് അനുകൂലമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബജറ്റിൽ ഉണ്ടായിട്ടില്ല . |

സെക്ഷൻ ഓഫീസർ